# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 266

10.12.2018-ൽ മറുപടിക്ക്

### മത്സ്യത്തൊഴിലാളികളുടെ കണക്കുകൾ ശേഖരിക്കാൻ മൊബൈൽ ആപ്ലിക്കേഷൻ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.എം.ഷാജി<br>,, കെ.എൻ.എ ഖാദർ<br>,, എൻ .എ.നെല്ലിക്കുന്ന്<br>,, അബ്ദുൽ ഹമീദ് പി | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കടലിൽ പണിയെടുക്കുന്ന മത്സ്യത്തൊഴിലാളികളുടെ കൃത്യമായ കണക്കുകൾ ശേഖരിക്കാൻ കഴിയുന്ന വിധത്തിൽ വകുപ്പ് എന്തെങ്കിലും ആപ്ലിക്കേഷനുകൾ വികസിപ്പിച്ചെടുത്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ; | (എ) | കടൽ മത്സ്യബന്ധനത്തിനു പോകുന്നതും തിരികെ വരുന്നവരുമായ മത്സ്യത്തൊഴിലാളി കളുടെയും യാനങ്ങളുടെയും വിവരങ്ങൾ രേഖപ്പെടുത്താൻ കഴിയുന്ന വിധം 'സാഗര' എന്ന മൊബൈൽ ആപ്ലിക്കേഷൻ നാഷണൽ ഇൻഫർമാറ്റിക് സെന്ററിന്റെ സഹായത്തോടെ വികസിപ്പിച്ചെടുത്തിട്ടു ണ്ട്.<br><br>ടി മൊബൈൽ ആപ്ലിക്കേഷൻ മത്സ്യത്തൊഴിലാളികൾക്ക് ഡൗൺലോഡ് ചെയ്ത് നൽകുന്നതിനും ആയത് മത്സ്യത്തൊ ഴിലാളികൾക്ക് പരിചയപ്പെടുത്തുന്നതിനുമായി 9 കടലോര ജില്ലകളിലായി 50 'സാഗര' ഫെസിലിറ്റേറ്റർമാരെ നിയോഗിച്ചിട്ടു ണ്ട്. പ്രത്യേക പരിശീലനം നേടിയിട്ടുള്ള ഇവരുടെ നേതൃത്വത്തിൽ ടി മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിക്കുന്നത് സംബന്ധിച്ച് മത്സ്യത്തൊ ഴിലാളികൾക്ക് ബോധവൽക്കരണം നൽകി വ രുന്നു. മത്സ്യത്തൊഴിലാളികളുടെ ആൻഡ്രോയിഡ് ഫോണിലേയ്ക്കാണ് ടി ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്ത് നൽകുന്നത്. |
| (ബി) | ആപ്ലിക്കേഷനിൽ രജിസ്റ്റർ ചെയ്യുന്നതിനുവേണ്ട പരിചയ ക്ലാസുകൾ മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ടോ; ഇതിൽ എല്ലാ തൊഴിലാളികൾക്കും രജിസ്റ്റർ ചെയ്യാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി)<br>&<br>(സി) | ആപ്ലിക്കേഷനിൽ രജിസ്റ്റർ ചെയ്യാൻ വേണ്ട പരിശീലന ക്ലാസ്സുകൾ ഫിഷറീസ് വകുപ്പ് മത്സ്യത്തൊഴിലാളികൾക്കും വകുപ്പ് ഉദ്യോഗ സ്ഥർക്കും നൽകിയിട്ടു ണ്ട്. കൂടാതെ സാഗര പദ്ധതി നടപ്പിലാക്കുന്നതിനായി 9 മറൈൻ ജില്ലകളിലായി നിയോഗിക്കപ്പെട്ട 50 സാഗര ഫെസിലിറ്റേറ്റർ മാർ ഹാർബറുകളും ലാന്റിംഗ് സെന്ററുകളും കേന്ദ്രീകരിച്ച് മത്സ്യത്തൊഴിലാളികളുടെ ആൻഡ്രോയിഡ് ഫോണിലേയ്ക്ക് ടി ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്ത് നൽകുകയും ടി ആപ്ലി ക്കേഷൻ ഉപയോഗിക്കുന്നത് |

| | | |
|---|---|---|
| (സി) | ഇല്ലെങ്കിൽ ഇതിനെക്കുറിച്ച് അവബോധം ഉണ്ടാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | സംബന്ധിച്ച് മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം നൽക്കുകയും അവബോധം ഉണ്ടാക്കുകയും ചെയ്തു വരുന്നു. 4.12.2018 വരെ 9 തീരദേശ ജില്ലകളിലായി 7578 യാനങ്ങൾ ' സാഗര' യിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ